പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2170 — 07.07.2015 ൽ മറുപടിക്ക്

## വെബ്സൈറ്റ് സംയോജനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബെന്നി ബെഹനാൻ<br>ശ്രീ.കെ. മുരളീധരൻ<br>ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. വി.ഡി. സതീശൻ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ സേവനങ്ങൾ ലഭ്യമാക്കുന്ന നിലവിലുള്ള വിവിധ വെബ്സൈറ്റുകളെ സംയോജിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ; | (എ) ഉണ്ട്. 02-02-2015 ലെ G.O(Ms)03/2015/ITD ഉത്തരവ് പ്രകാരം ഐ. & പി. ആർ.ഡിയുടെ ഉടമസ്ഥതയിലുള്ള www.kerala.gov.in എന്ന വെബ് സൈറ്റിനെയും, കേരള സ്റ്റേറ്റ് ഐ. റ്റി മിഷന്റെ ഉടമസ്ഥതയിലുള്ള, www.eservices.kerala.gov.in നെയും സംയോജിപ്പിച്ച് www.kerala.gov.in എന്ന വിലാസത്തിൽ ഒരു ഏകീകൃത വെബ്സൈറ്റ് ആക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ സേവനങ്ങൾ ലഭിക്കുന്നതിന് ഒന്നിലധികം വെബ് സൈറ്റുകൾ സന്ദർശിക്കുക വഴി പൊതു ജനത്തിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുവാനും കേരള സർക്കാർ നൽകുന്ന എല്ലാ ഇ-സേവനങ്ങളും ഒരു കുടക്കീഴിൽ കൊണ്ടുവരുക എന്ന ആശയവും മുൻനിറുത്തിയാണ് ഇത്തരത്തിൽ വെബ് സൈറ്റുകൾ സംയോജിപ്പിക്കുവാൻ തീരുമാനിച്ചത്. |
| (ബി) പ്രസ്തുത പദ്ധതി ആരുടെ സഹായത്തോടു കൂടിയാണ് പ്രാവർത്തികമാക്കുന്നത്; വിശദമാക്കാമോ; | (ബി) ഐ & പി. ആർ.ഡി, എൻ.ഐ.സി, സി-ഡിറ്റ്, എസ്.റ്റി.ക്യൂ.സി എന്നീ ഏജൻസികളുടെ സഹകരണത്തോടെ കേരള സ്റ്റേറ്റ് ഐ ടി മിഷനാണ് ഈ പ്രൊജക്ട് നടപ്പിലാക്കുന്നത്. |
| (സി) പ്രസ്തുത പദ്ധതിക്കായി ഐ.ടി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ? | (സി) 02-02-2015 ലെ G.O(Ms) No. 03/2015/ITD ഉത്തരവ് പ്രകാരം എല്ലാ സർക്കാർ വകുപ്പുകൾ, യൂണിവേഴ്സിറ്റികൾ, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പൊതു മേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ ഇ-സേവനങ്ങളും വിവരങ്ങളും ഈ പോർട്ടലുമായി ബന്ധിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. |

Sajan

സെക്ഷൻ ഓഫീസർ